# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: info.pol@kerala.gov.in

No.86/PR/PIC/PHQ/18 Date : 10.04.2018

---

## വനിത പോലീസ് ഉദ്യോഗസ്ഥർക്ക് തുല്യാവസരങ്ങൾ ഉറപ്പു വരുത്തണം : സംസ്ഥാന പോലീസ് മേധാവി

പോലീസ് സ്റ്റേഷനുകളിൽ ജോലിക്കു നിയോഗിക്കുന്ന വനിത പോലീസ് ഉദ്യോഗസ്ഥർക്ക് പുരുഷൻമാരായ പോലീസ് ഉദ്യോഗസ്ഥർക്കു നല്കുന്ന എല്ലാ ഔദ്യോഗിക ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കാനുള്ള അവസരം നല്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നല്കി. നിരവധി വനിതാപോലീസ് ഉദ്യോഗസ്ഥരെ പരിശീലനം പൂർത്തിയാക്കി ബറ്റാലിയനുകളിൽ നിന്ന് പുതുതായി പോലീസ് സ്റ്റേഷനുകളിലും ടൂറിസ്റ്റ് പ്രൊട്ടക്ഷൻ സെന്ററുകളിലും മറ്റ് പോലീസ് സഹായകേന്ദ്രങ്ങളിലും നിയോഗിക്കുന്നുണ്ട്. ഇത്തരത്തിൽ എത്തുന്ന വനിത ഉദ്യോഗസ്ഥർക്ക് പല പോലീസ് സ്റ്റേഷനുകളിലും ഓഫീസ് ജോലികൾ മാത്രം നല്കുന്ന പ്രവണത കാണുന്നുണ്ട്. വനിതകളായ നിരവധി സി.പി.ഒ മാർ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും വൈദഗ്ധ്യവും നേടിയവരാണ്. അവരെ ഇത്തരത്തിൽ പരിമിതപ്പെടുത്താതെ പോലീസുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളിലും പരിശീലനം നല്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്വമാണ്. അത്തരത്തിൽ മികച്ച പോലീസുദ്യോഗസ്ഥരായി അവരെ വാർത്തെടുക്കുന്നത് പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകും. ഇക്കാര്യത്തിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും മറ്റു മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കണമെന്നും സംസ്ഥാനപോലീസ് മേധാവി നിർദേശിച്ചു.

ടൂറിസം പോലീസിലേക്ക് നിയോഗിക്കപ്പെടുന്ന വനിത പോലീസ് ഉദ്യോഗസ്ഥർക്ക് ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ ആവശ്യമായ പരിശീലനം നല്കുന്നതിനും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കി.